സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 190 2024 നവംബർ 16 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മദ്യപിച്ച് അമിത വേഗതയിൽ വാഹനമോടിച്ചു; ഡെറാഡൂണിൽ കാറപകടത്തിൽ ആറു മരണം

ഡെറാഡൂൺ: മദ്യപിച്ച് അമിത വേഗതയിൽ വാഹനമോടിച്ചതിനെ തുടർന്നുണ്ടായ കാർ അപകടത്തിൽ ഡെറാഡൂണിൽ ആറു ചെറുപ്പക്കാർ മരിച്ചു. അതുൽ അഗർവാൾ (24), കുനാൽ കുക്രേജ (23), റിഷഭ് ജെയിൻ (24), ഗുണിത് സിങ് (19), നവ്യാ ഗോയൽ (23), കാമാക്ഷി കുമാരി (20) എന്നിവരാണ് മരിച്ചത്. കാർ ഓടിച്ച വേഗതയും ഇടിയുടെ തീവ്രതയും മൂലം ടൊയോട്ട ഇന്നോവയുടെ മേൽഭാഗവും പിൻഭാഗവും കടലാസ് കഷ്ണം പോലെ പിളർന്നു. പുലർച്ചെ രണ്ടു മണിയോടെ നഗരത്തിലെ ഒ.എൻ.ജിസി ക്രോസിന് സമീപമായിരുന്നു അപകടം. അപകടത്തിൽപെട്ട മറ്റ് വാഹനത്തെക്കുറിച്ച് വിവരമില്ല.

സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നു

പാലക്കാട്: നേതൃത്വവുമായി ഇടഞ്ഞ് നിൽക്കുന്ന ബി. ജെ. പി നേതാവ് സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നു. കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി സെക്രട്ടറി ദീപാ ദാസ് മുൻഷി, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉൾപ്പടെയുള്ള നേതാക്കൾ ചേർന്ന് സന്ദീപിനെ സ്വാഗതം ചെയ്തു. വൻ സ്വീകരണമാണ് പാലക്കാട്ട് സന്ദീപിന് കോൺഗ്രസ് നേതാക്കളൊരുക്കിയത്.

ബി.ജെ.പി സംസ്ഥാന നേതൃത്വവുമായി ഏറെ നാളുകളായി ഇടഞ്ഞു നിന്നിരുന്ന സന്ദീപ് വാര്യർ പാലക്കാട് ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ് ബിജെപി വിടാനുള്ള തീരുമാനത്തിലേക്ക് എത്തിയത്. പ്രചരണ രംഗത്ത് അദ്ദേഹം സജീവമല്ലാതായതോടെ പാർട്ടി വിടുമെന്ന ചർച്ചകൾ സജീവമായിരുന്നു. ഇതിനിടയിൽ പാലക്കാട് സ്ഥാനർഥി സി. കൃഷ്ണകുമാറിനെതിരെ സന്ദീപ് ഫെയ്സ്ബുക്ക് പോസ്റ്റിട്ടതോടെ കാര്യങ്ങൾ പരസ്യമായി. സന്ദീപിനെ സി.പി.എമ്മിലേക്ക് സ്വാഗതം ചെയ്ത് എ.കെ. ബാലൻ രംഗത്തെത്തിയിരുന്നു.

പാലക്കാട് സ്ഥാനാർഥി സി കൃഷ്ണകുമാർ ഉൾപ്പടെയുള്ള നേതാക്കൾ നിരന്തരം അപമാനിച്ചത് എണ്ണിപ്പറഞ്ഞുകൊണ്ട് വൈകാരികമായിട്ടായിരുന്നു സന്ദീപ് ഫെയ്സ്ബുക്ക് പോസ്റ്റിട്ത്. ഒരു മനുഷ്യന്റെ ആത്മാഭിമാനം എന്ന് പറയുന്നത് ഏറെ പ്രധാനപ്പെട്ടതാണെന്നതായിരുന്നു പാലക്കാട് തിരഞ്ഞെടുപ്പ് വേദിയിൽ സീറ്റ് നിഷേധിച്ചതിനെ സൂചിപ്പിച്ച് സന്ദീപ് കുറിച്ചത്.

ഇതിനിടയിൽ സി.പി.ഐ ലേക്ക് പോകുന്നുവെന്നും വാർത്തകൾ വന്നു. ബി.ജെ.പി സംസ്ഥാന നേതാക്കൾ തന്നെ ഇടപെട്ട് അനുനയിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും സന്ദീപ് വഴങ്ങിയിരുന്നില്ല.

ഇതോടെ ബി.ജെ.പി സന്ദീപിനെതിരെ നടപടിയിലേക്ക് നീങ്ങുകയാണെന്ന അഭ്യൂഹങ്ങളും ശക്തമായി. എന്നാൽ നടപടിയുണ്ടായാൽ കൂടുതൽ കാര്യങ്ങൾ വെളിപ്പെടുത്തുമെന്നായിരുന്നു സന്ദീപിന്റെ മറുപടി. തന്നെ അപമാനിച്ച നേതാക്കൾക്കെതിരേ നടപടി വേണമെന്ന നിലപാടിൽ സന്ദീപ് ഉറച്ചു നിന്നു. അല്ലാതെ പാർട്ടി വേദികളിലേക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഒളിവിലായിരുന്ന പ്രതിയെ മരിച്ച നിലയിൽ കണ്ടെത്തി

തൃശൂർ: ഷഷ്ഠിയാഘോഷത്തിനിടെ പഴുവിൽ സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ കയറി മാരകായുധങ്ങൾ ഉപയോഗിച്ച് ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ഓഫീസിലെ ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്ത കേസിലെ പ്രതിയെ വീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തി. പഴുവിൽ അങ്കണവാടിക്കു സമീപം പനമുക്കിൽ പ്രശാന്ത് (ഷമ്മുട്ടി) ആണ് മരിച്ചത്. സംഭവത്തിനുശേഷം ഒളിവിൽപ്പോയ പ്രതിക്കുവേണ്ടി അന്തിക്കാട് പോലീസ് തിരച്ചിൽ ഊർജിതമാക്കിയിരുന്നു.

മോഷ്ടക്കൾ പിടിയിൽ

വടക്കാഞ്ചേരി: എങ്കക്കാട് വീട് കുത്തിത്തുറന്ന് മോഷണം നടത്തിയ കേസിൽ മൂന്ന് പേരെ വടക്കാഞ്ചേരി പോലീസ് പിടികൂടി. തമിഴ്നാട് സ്വദേശിയായ ശിവ, എങ്കക്കാട് സ്വദേശി ഹസൻ, പ്രായപൂർത്തിയാകാത്ത മറ്റൊരാൾ എന്നിവരെയാണ് അന്വേഷണസംഘം ഓട്ടുപാറയിൽ നിന്ന് പിടികൂടിയത്. നാലുമാസത്തോളമായി പൂട്ടിക്കിടന്ന എങ്കക്കാട് കളത്തിപ്പറമ്പിൽ കുഞ്ഞന്റെ വീട്ടിൽ നിന്നാണ് പതിനഞ്ചര പവൻ മോഷണം പോയത്.

"ഞാൻ കോൺഗ്രസിലേക്ക് വന്നതിന്റെ ഉത്തരവാദിത്തം സുരേന്ദ്രനും സംഘത്തിനും, ഇനി സ്നേഹത്തിന്റെ കടയിൽ"

പാലക്കാട്: ബിജെപിയിൽ നിന്ന് കരുതലും താങ്ങും പ്രതീക്ഷിച്ചെങ്കിലും ലഭിച്ചില്ലെന്ന് സന്ദീപ് വാര്യർ. വെറുപ്പ് മാത്രം ഉൽപാദിപ്പിക്കുന്ന ഫാക്ടറിയായി മാറി ബിജെപി. അതിൽ പെട്ടുപോവുകയായിരുന്നു താൻ. ജനാധിപത്യം മാനിക്കാത്ത, ഏകാധിപത്യം മാത്രം കാത്തു സൂക്ഷിക്കുന്ന പാർട്ടിയിൽ വീർപ്പുമുട്ടി കഴിയുകയായിരുന്നുവെന്ന് സന്ദീപ് പറഞ്ഞു. ബിജെപിയിൽ നിന്ന് കോൺഗ്രസിലേക്ക് എത്തിയ സന്ദീപ് വാര്യർ മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു.

മതേതരത്വം പറഞ്ഞതിന്റെ പേരിൽ ബിജെപി നേതൃത്വം തനിക്ക് വിലക്ക് കൽപ്പിച്ചു. ബിജെപിയിൽ നിന്ന് താൻ പറഞ്ഞതെല്ലാം ആ സംഘടനയ്ക്ക് വേണ്ടി മാത്രമായിരുന്നു. വ്യക്തിപരമായ അഭിപ്രായങ്ങളായിരുന്നില്ല ഒന്നും. കോൺഗ്രസിലേക്ക് എത്തിയതിന്റെ ഉത്തരവാദി കെ. സുരേന്ദ്രനും സംഘവുമാണ്. മുഖ്യമന്ത്രിയുമായും സിപിഎമ്മുമായും സുരേന്ദ്രൻ നടത്തുന്ന അഡ്ജസ്റ്റ്മെന്റുകളെ എതിർത്തു എന്നതാണ് താൻ ചെയ്ത കുറ്റം. കരുവന്നൂരും കൊടകരയും തമ്മിൽ പരസ്പരം വച്ചുമാറുന്നത് എതിർത്തു എന്നതാണ് താൻ ചെയ്ത കുറ്റം. ധർമ്മരാജന്റെ കോൾ ലിസ്റ്റിൽ പേരില്ലാതെ പോയി എന്നതാണ് താൻ ചെയ്ത കുറ്റം. ഇതൊക്കെ ഒരു കുറവാണെങ്കിൽ അത് അംഗീകരിച്ചുകൊണ്ട് ഇനി സ്നേഹത്തിന്റെ കടയിൽ അംഗത്വമെടുക്കുകയാണെന്ന് കോൺഗ്രസിനെ വിശേഷിപ്പിച്ചുകൊണ്ട് സന്ദീപ് വ്യക്തമാക്കി.

അങ്ങേയറ്റം വെറുപ്പും വിദ്വേഷവും ഉൽപാദിപ്പിക്കുന്ന ഒരു ഫാക്ടറിയിൽ ഇത്രയും നാളും പ്രവർത്തിച്ചതിന്റെ ജാള്യതയാണ് എനിക്കിപ്പോൾ. യുഎപിഎ ചുമത്തിയ ശ്രീനിവാസൻ വധക്കേസിൽ 17 പ്രതികൾക്ക് ജാമ്യം കിട്ടി. പ്രതികൾക്ക് വേണ്ടി സുപ്രീം കോടതി വക്കീലാണ് ഹാജരായത്. ശ്രീനിവാസന് വേണ്ടി സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു വക്കീൽ പോലും ഹാജരാകാത്തത് എന്തുകൊണ്ടാണെന്ന് സന്ദീപ് ചോദിച്ചു.

തന്നെ കോൺഗ്രസ് പാർട്ടിയിലേക്ക് സ്വീകരിച്ചതിൽ കെ പിസിസി അദ്ധ്യക്ഷൻ കെ. സുധാകരനും പ്രതിപക്ഷ നേതാവ് വി.ഡി സതീശനും എഐസിസി നേതൃത്വത്തിനും സന്ദീപ് വാര്യർ നന്ദി അറിയിച്ചു.

തീപിടിത്തത്തിൽ രക്ഷപ്പെടുത്തിയ കുട്ടികളെ മാറിനൽകി; പരാതി

ലക്നൗ: ഉത്തർപ്രദേശിലെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ നിന്ന് രക്ഷപ്പെടുത്തിയ കുട്ടികളെ മാറിനൽകിയെന്ന പരാതിയുമായി മാതാപിതാക്കൾ. ഇന്നലെ രാത്രി പത്തേമുക്കാലോടെയാണ് ഉത്തർപ്രദേശിലെ ഝാൻസി ജില്ലയിലുള്ള മഹാറാണി ലക്ഷ്മി ബായ് മെഡിക്കൽ കോളജ് ആശുപത്രിയിൽ തീപിടിത്തമുണ്ടായത്. അപകടത്തിൽ 10 നവജാതശിശുക്കൾ വെന്തുമരിക്കുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. നവജാത ശിശുക്കളുടെ തീവ്ര പരിചരണ വിഭാഗത്തിലാണ് തീപിടിത്തമുണ്ടായതെന്ന് ജില്ലാ മജിസ്ട്രേറ്റ് അവിനാശ് കുമാർ അറിയിച്ചു.

തീപിടിത്തത്തിന് കാരണം ഷോർട് സർക്യൂട്ടാണെന്നാണ് പ്രാഥമിക നിഗമനം. തീപിടിത്തമുണ്ടായ സമയം തീവ്ര പരിചരണ വിഭാഗത്തിൽ അൻപതോളം നവജാത ശിശുക്കളുണ്ടായിരുന്നതായാണ് റിപ്പോർട്ട്. തീ ആളിപ്പടർന്ന് എൻഐസിയുവിൽ പുക നിറഞ്ഞതോടെ ജനലുകൾ തകർത്താണ് കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തിയതെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അതേസമയം അപകടത്തിൽ നിന്ന് രക്ഷപ്പെടുത്തിയ കുട്ടികളെ മാറി നൽകിയെന്ന പരാതിയുമായി മാതാപിതാക്കൾ രംഗത്തെത്തിയിരിക്കുകയാണ് ഇപ്പോൾ. തീപിടുത്തമുണ്ടായ സമയത്ത് അതിവേഗം കുട്ടികളെ അവിടെ നിന്ന് മാറ്റി രക്ഷിതാക്കളെ ഏൽപ്പിക്കുകയായിരുന്നു. എന്നാൽ കുട്ടികളെ നൽകിയതിൽ ആശുപത്രി അധികൃതർക്ക് പിഴവ് സംഭവിച്ചിട്ടുണ്ടെന്ന് മാതാപിതാക്കളും ബന്ധുക്കളും ആരോപിക്കുന്നു.

രക്ഷപ്പെടുത്തിയ കുട്ടികളിൽ പലർക്കും 40ശതമാനത്തിലേറെ പൊള്ളലേറ്റിട്ടുണ്ട്. പലരും തീവ്രപരിചരണ വിഭാഗത്തിൽ ചികിൽസയിലാണ്. നിലവിൽ 37 കുട്ടികളെ അപകടത്തിൽ നിന്നും രക്ഷപ്പെടുത്തിയതായാണ് റിപ്പോർട്ട്. 10 കുട്ടികളെ സംഭവസ്ഥാലത്ത് നിന്നും മരിച്ച നിലയിലാണ് കണ്ടെത്തിയത്. പരുക്കേറ്റ കുഞ്ഞുങ്ങൾക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ജില്ലാ ഭരണകൂടത്തിന് നിർദേശം നൽകി. സംഭവത്തെ കുറിച്ച് 12 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ഝാൻസി ഡിവിഷണൽ കമ്മിഷണർ, മേഖലാ ഡെപ്യൂട്ടി ഐജി എന്നിവർക്ക് മുഖ്യമന്ത്രി നിർദേശം നൽകി.

വീണ്ടും ആഘോഷം; സ്വർണവിലയിൽ ഇടിവ്

തിരു : സംസ്ഥാനത്ത് സ്വർണവില കുറഞ്ഞു. ഒരു പവൻ സ്വർണത്തിന് 80 രൂപയാണ് കുറഞ്ഞത്. ഇന്ന് ഒരു പവൻ സ്വർണത്തിന്റെ വില 55,480 രൂപയാണ്. ഈ മാസത്തെ ഏറ്റവും കുറഞ്ഞ നിരക്കാണിത്. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന്റെ വില 6,946 രൂപയും ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില 7,577 രൂപയുമാണ്. കഴിഞ്ഞ ദിവസം സ്വർണവിലയിൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു. ഒരു പവൻ സ്വർണത്തിന്റെ കഴിഞ്ഞ ദിവസത്തെ വില 55,560 രൂപയായിരുന്നു.

നവംബർ 12 മുതലാണ് സംസ്ഥാനത്തെ സ്വർണവിലയിൽ വലിയ കുറവ് സംഭവിച്ച് തുടങ്ങിയത്. ഈ മാസത്തെ ഏറ്റവും ഉയർന്ന സ്വർണനിരക്ക് രേഖപ്പെടുത്തിയത് നവംബർ ഒന്നിനായിരുന്നു. അന്ന് ഒരു പവൻ സ്വർണത്തിന്റെ വില 59,080 രൂപയായിരുന്നു. സ്വർണത്തിന്റെ ആഗോള ഡിമാൻഡ്, കറൻസിയിലെ ഏറ്റക്കുറച്ചിലുകൾ, പലിശ നിരക്കുകൾ, സർക്കാർ നയങ്ങൾ എന്നിവ സ്വർണവിലയെ ബാധിക്കുന്ന പ്രധാന ഘടകങ്ങളാണ്. കൂടാതെ, സമ്പദ്വ്യവസ്ഥയുടെ മൊത്തത്തിലുള്ള അവസ്ഥയും മറ്റ് കറൻസികൾക്കെതിരെ യുഎസ് ഡോളറിന്റെ നിലവാരവും ഇന്ത്യൻ വിപണിയിലെ സ്വർണവിലയെ നിർണയിക്കുന്നുണ്ട്.

തമിഴ്നാടിന് 276 കോടി, സിക്കിമിന് 221 കോടി; കേരളത്തിന് ദേശീയ ദുരന്ത നിവാരണ ഫണ്ട് അനുവദിക്കാതെ കേന്ദ്രം

ന്യൂഡൽഹി: അതിതീവ്ര പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അന്തർ മന്ത്രാലയ സമിതി നൽകേണ്ട ദേശീയ ദുരന്ത നിവാരണ ഫണ്ട് (എൻഡിആർഎഫ്) ഇത്തവണ നൽകിയത് അഞ്ച് സംസ്ഥാനങ്ങൾക്ക് മാത്രം. പ്രളയം ബാധിച്ച ഹിമാചൽ പ്രദേശ് (66.924 കോടി), സിക്കിം (221.122 കോടി), തമിഴ്നാട് (276.10 കോടി), ത്രിപുര (25 കോടി), വരൾച്ച ബാധിച്ച കർണാടകയ്ക്ക് (3454.22 കോടി) മാത്രമാണ് എൻഡിആർഎഫ് അനുവദിച്ചത്. ഇതിനുപുറമേ, ദേശീയ ദുരന്ത ലഘൂകരണ ഫണ്ടായി (എൻഡിഎംഎഫ്) അരുണാചൽ പ്രദേശിന് 1.833 കോടിയും സിക്കിമിന് 8.35 കോടിയും അനുവദിച്ചു.

വയനാട്ടിലെ ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ മേഖലയിലെ ദുരിതം കേന്ദ്ര സർക്കാർ കണ്ട് ബോധിച്ചിട്ടും ഇതുവരെ എൻഡിആർഎഫ് അനുവദിച്ചിട്ടില്ല. കേരളത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും ഫിനാൻസ് കമ്മീഷൻ ശുപാർശ പ്രകാരമുള്ള സംസ്ഥാന ദുരന്ത നിവാരണ ഫണ്ടും (എസ്ഡിആർഎഫ്) സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടും (എസ്ഡിഎംഎഫ്)? മാത്രമാണ് ഇതുവരെയായിട്ടും അനുവദിച്ചിട്ടുള്ളത്. 2026 വരെ ഈ തുക എത്രയാണ് നൽകേണ്ടതെന്ന് മുൻപ് നിശ്ചയിച്ചതാണ്.

കേരള സർക്കാരിന്റെ പ്രതിനിധി കെ വി തോമസിന് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദറായ് നൽകിയ മറുപടിയിൽ അതിതീവ്ര പ്രകൃതിദുരന്തമുണ്ടായാൽ കേന്ദ്രത്തിന് അധികമായി എൻഡിആർഎഫ് അനുവദിക്കാമെന്ന് പറയുന്നുണ്ട്. കേന്ദ്ര മന്ത്രിതലസമിതി സ്ഥലം സന്ദർശിച്ച് ശുപാർശ ചെയ്താൽ മതിയെന്നും മന്ത്രി വ്യക്തമാക്കുന്നുണ്ട്. അതേസമയം, പ്രധാനമന്ത്രി നരേന്ദ്രമോദിയും മന്ത്രിതല സമിതിയും വയനാട്ടിലെത്തിയിട്ടും ഫണ്ട് അനുവദിക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

ചൊവ്വാഴ്ച റേഷൻ കട സമരം

തൃശൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് റേഷൻ കടകൾ ചൊവ്വാഴ്ച അടച്ചിട്ട് പ്രതിഷേധിക്കും. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വേതനവും ഉത്സവബത്തയും നൽകണമെന്ന് റേഷൻ കട ഉടമകളുടെ ആവശ്യം. ഭക്ഷ്യ വകുപ്പിനും ഉദ്യോഗസ്ഥർക്കും ഇന്ന് നോട്ടീസ് നൽകും.

സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടരുന്നു; അതീവ ജാഗ്രതാ നിർദേശം

തിരു: സംസ്ഥാനം ഗുരുതരമായ മഞ്ഞപ്പിത്ത ബാധയുടെ പിടിയിൽ. ഈ വർഷം ഇതുവരെ 82 പേരാണ് മഞ്ഞപ്പിത്തം ബാധിച്ച് സംസ്ഥാനത്ത് മരിച്ചത്. ആറായിരത്തി അഞ്ഞൂറോളം പേർക്ക് രോഗം സ്ഥിരീകരിച്ചു. പുതിയ രോഗബാധിതർക്ക് സങ്കീർണതകൾ കൂടുതലായതിനാൽ അതീവ ജാഗ്രതാ നിർദേശം നല്കുകയാണ് ആരോഗ്യ വിദഗ്ധർ.

ഒരു ദിവസം 150 ഓളം പേരാണ് മഞ്ഞപ്പിത്ത രോഗ ലക്ഷണങ്ങളുമായി ചികിൽസ തേടുന്നത്. 11 മാസത്തിനിടെ 64 മരണം സ്ഥിരീകരിച്ചു. 18 പേരുടെ മരണം മഞ്ഞപ്പിത്തം കാരണമെന്ന് സംശയിക്കുന്നു. 6494 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതിനു പുറമെ 1783 പേരാണ് രോഗലക്ഷണങ്ങളോടെ ചികിൽസ തേടിയതെന്നതും രോഗ വ്യാപനതോത് കാണിക്കുന്നു. കരളിനെ ബാധിക്കുന്ന രോഗാണു മലിനമായ ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയുമാണ് മനുഷ്യ ശരീരത്തിൽ കടക്കുന്നത്.

സെപ്റ്റിക് ടാങ്കിൽ നിന്നുള്ള വിസർജ്യം കലരാൻ സാധ്യത ഉള്ളതിനാൽ കിണർ വെള്ളം പോലും പൂർണമായും സുരക്ഷിതമല്ലെന്നാണ് മുന്നറിയിപ്പ്. മുമ്പ് ദിവസങ്ങൾ കൊണ്ട് ദേദമായിരുന്ന മഞ്ഞപ്പിത്തം ഗുരുതര അവസ്ഥയിലേക്കും മരണത്തിലേയ്ക്കും നീങ്ങുന്ന കേസുകൾ കൂടി വരുന്നുണ്ടെന്നും അതീവ ജാഗ്രത വേണമെന്നും ആരോഗ്യ വകുപ്പും നിർദേശിക്കുന്നു.

പുതിയ ന്യൂനമർദ്ദം: മൂന്ന് ജില്ലകളിൽ മഴ മുന്നറിയിപ്പ്

തിരു: സംസ്ഥാനത്ത് തുലാവർഷം ശക്തമായേക്കും. മഴ ശക്തമാകുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ബംഗാൾ ഉൾക്കടലിൽ പുതിയ ന്യൂനമർദ്ദം രൂപപ്പെട്ടതോടെയാണ് കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നത്. ഇന്ന് മൂന്ന് ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് യെല്ലോ അലേർട്ടുള്ളത്.

പാലക്കാട്ടെ ആന്റിക്ലൈമാക്സ്: സരിൻ 'സഖാവ് സരിനായി', കൈപിടിച്ച് സന്ദീപ് വാര്യരും കൂടുമാറുമ്പോൾ

പാലക്കാട്: ഉപതിരഞ്ഞെടുപ്പ് പ്രചാരണം അവസാനിക്കാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ കോൺഗ്രസിന്റെ മിന്നൽനീക്കം. ബി.ജെ.പി.യുമായുള്ള അസ്വാരസ്യം തുറന്നുപറഞ്ഞ് രംഗത്തെത്തിയ സന്ദീപ് വാര്യർ പാർട്ടിവിട്ട് കോൺഗ്രസിലേക്ക് ചേക്കേറി. കോൺഗ്രസുമായുള്ള പടലപിണക്കത്തിൽ സരിൻ മറുകണ്ടം ചാടിയ പാലക്കാട്ടുകാർ ഇപ്പോഴിതാ മറ്റൊരു രാഷ്ട്രീയനീക്കത്തിന് കൂടെ സാക്ഷിയാകുന്നു.

രാഹുൽ മാങ്കൂട്ടത്തിലിനെ സ്ഥാനാർഥിയാക്കിയതിനെതിരേ രംഗത്തെത്തിയതിന് പിന്നാലെയായിരുന്നു സരിന്റെ ചുവടുമാറ്റം. തൊട്ടുപിന്നാലെ പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ 'സഖാവ് സരിൻ' സ്ഥാനാർഥിയുമായി. പാലക്കാട്ട് ബി.ജെ.പി.യെ നേരിടാൻ സി.പി.എം. അശക്തരാണെന്ന് തെളിയിക്കാൻ ഗൂഢപദ്ധതിയുണ്ടെങ്കിൽ സി.പി. എം അതിന് തിരഞ്ഞെടുപ്പിലൂടെ മറുപടി നൽകുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു.

സരിൻ പാർട്ടി വിട്ടതോടെ കോൺഗ്രസ് – ബി.ജെ.പി 'ഡീൽ' വിവാദവും ആളിക്കത്തി. വടകരയിലെ സഹായത്തിനുപകരമായി പാലക്കാട്ട് സഹായമെന്ന ഡീലാണ് കോൺഗ്രസും ബി.ജെ.പി.യും തമ്മിലുള്ളതെന്ന് സരിൻ തന്നെ അന്ന് തുറന്നുപറഞ്ഞു. എം.എൽ.എ.യായിരുന്ന ഷാഫി പറമ്പിലിനെ വടകര ലോക്സഭാ മണ്ഡലത്തിൽ മത്സരിപ്പിക്കാൻ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ നടത്തിയ നീക്കങ്ങളാണ് പാലക്കാട് ഉപതിരഞ്ഞെടുപ്പിലേക്ക് നയിച്ചതെന്നും ഇതിന്റെ ഗുണഭോക്താവ് ബി.ജെ.പി. ആയിരിക്കുമെന്നും സരിൻ ആരോപിച്ചു.

ഇപ്പോഴിതാ, കേരള രാഷ്ട്രീയം ഉറ്റുനോക്കുന്നത് സന്ദീപ് ഇനി ഏതൊക്കെ വിഷയങ്ങൾ തുറന്നുപറയും എന്നതാണ്. കോൺഗ്രസിലെത്തിയതിന് ശേഷമുള്ള ആദ്യത്തെ പത്രസമ്മേളനത്തിൽ തന്നെ 'മുഖ്യമന്ത്രി-കെ. സുരേന്ദ്രൻ കൂട്ടുകെട്ടി'നെക്കുറിച്ച് സന്ദീപ് തുറന്നടിച്ചു. ഇനി രാഷ്ട്രീയം കേരളം ഉറ്റുനോക്കുന്നത് കൊടകര കുഴൽപ്പണക്കേസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സന്ദീപ് എന്തെങ്കിലും വെളിപ്പെടുത്തൽ നടത്തുമോ എന്നതാണ്.

പാലക്കാട് ഉപതിരഞ്ഞെടുപ്പിലെ ബി.ജെ.പി. സ്ഥാനാർഥി കൃഷ്ണകുമാറിനെതിരെ രൂക്ഷവിമർശനം ഉന്നയിച്ച് സന്ദീപ് രംഗത്തെത്തിയതോടെയാണ് പാർട്ടിക്കുള്ളിലെ അസ്വാരസ്യങ്ങൾ പുറത്തുവന്ന് തുടങ്ങിയത്. പ്രചാരണവേദികളിലെ അദ്ദേഹത്തിന്റെ അസാന്നിധ്യം വലിയ ചർച്ചകൾക്കും വഴിവെച്ചിരുന്നു. പിന്നാലെ, ആർ.എസ്.എസ് ഇടപെട്ട് വിഷയത്തിൽ മഞ്ഞുരുകുന്നതായും സൂചനയുണ്ടായിരുന്നു. സന്ദീപിനെ സ്വീകരിക്കാൻ സി. പി.എം തയ്യാറാണെന്നും റിപ്പോർട്ടുകൾ വന്നു. എന്നാൽ, ഒരുഘട്ടം കഴിഞ്ഞതോടെ പാർട്ടി പ്രവർത്തകർ തന്നെ സന്ദീപിനെതിരെ സാമൂഹികമാധ്യമങ്ങളിൽ അധിക്ഷേപം ചൊരിഞ്ഞു. പാലക്കാട്ട് ബി.ജെ.പി തോൽക്കുന്ന സ്ഥിതിയുണ്ടായാൽ അതിന്റെ ഉത്തരവാദിത്വം പൂർണമായും സന്ദീപിനാണെന്നുവരെ പ്രവർത്തകർ പറഞ്ഞുവെച്ചു. ഇതിനെല്ലാമുള്ള മറുപടി വരുംദിവസങ്ങളിൽ സന്ദീപ് തന്നെ പറയുമെന്ന് പ്രതീക്ഷിക്കാം.

സന്ദീപ് കോൺഗ്രസിൽ നീണാൾ വാഴട്ടെ, പരിഹസിച്ച് കെ സുരേന്ദ്രൻ

പാലക്കാട്: ബിജെപി വിട്ട് കോൺഗ്രസിലെത്തിയ സന്ദീപ് വാര്യർക്ക് വലിയ കസേരകൾ കിട്ടട്ടെയെന്ന് ആശംസിക്കുന്നുവെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ. കോൺഗ്രസിൽ ചേരാൻ സന്ദീപ് തിരഞ്ഞെടുത്ത ദിവസം വളരെ പ്രധാനപ്പെട്ടതാണെന്നും സുരേന്ദ്രൻ പറഞ്ഞു. പാലക്കാട്ട് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ശ്രീനിവാസന്റെയും സഞ്ജിത്തിന്റെയും കൊലയാളികളുടെ ബന്ധുക്കളുമായി കൂടിക്കാഴ്ച നടത്തിയതിന്റെ പിറ്റേ ദിവസമാണ് സന്ദീപിനെ കോൺഗ്രസിൽ ചേർത്തതെന്നും സുരേന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പാലക്കാട്ടെ വോട്ടർമാർക്ക് ഇക്കാര്യം ശരിയായ രീതിയിൽ ഉൾകൊള്ളാൻ കഴിയട്ടെ. ബലിദാനികളുടെ കാര്യത്തിൽ അവരെ വഞ്ചിക്കുന്ന സമീപനമാണ് ഉണ്ടായത്. ഇതൊരു അപ്രസക്തമായ തിരക്കഥയാണ് തിരഞ്ഞെടുപ്പിലോ ബിജെപിക്കകത്തോ ഇത് ഒരു ചലനവും ഉണ്ടാക്കാൻ പോകുന്നില്ല. ഈ കോൺഗ്രസ് പ്രവേശനം ഒരു ചലനവും ഉണ്ടാക്കില്ല.

സന്ദീപിനെതിരെ നേരത്തെയും പാർട്ടി നടപടിയെടുത്തിരുന്നു. ഫേസ്ബുക്ക് പോസ്റ്റ് ഇട്ടതുകൊണ്ടായിരുന്നില്ല അത്. ആ നടപടിയുടെ കാര്യങ്ങൾ അന്ന് പുറത്തുപറയാതിരുന്നത് ഒരു രാഷ്ട്രീയ പാർട്ടി പുലർത്തേണ്ട സാമാന്യ മര്യാദയുടെ പേരിലാണ്. അതിനാൽ തന്നെ വി ഡി സതീശനും കെ സുധാകരനും എല്ലാ ആശംസകളും നേരുന്നു. സന്ദീപ് കോൺഗ്രസിൽ നീണാൾ വാഴട്ടെ. സന്ദീപിനെ മുറുകെ പിടിക്കാൻ അവരോട് അഭ്യർത്ഥിക്കുകയാണ്. തിരഞ്ഞെടുപ്പിൽ കോൺഗ്രസ് തകർന്ന് തരിപ്പണമാകും. കസേര കിട്ടാത്തതുകൊണ്ടാണോ അദ്ദേഹം പുറത്തുപോയതെന്നും കെ സുരേന്ദ്രൻ വാർത്താസമ്മേളനത്തിൽ ചോദിച്ചു.

കോൺഗ്രസിലേക്ക് എത്തിയതിന്റെ ഉത്തരവാദി കെ സുരേന്ദ്രന

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജുഡിഷ്യൽ അന്വേഷണത്തിനു സംസ്ഥാന സർക്കാർ ഉത്തരവ് ഇടണമെന്ന് ഷാജുമോൻ വട്ടേക്കാട്

തൃശൂർ: പട്ടിക വിഭാഗങ്ങളുടെ ക്ഷേമത്തിനായി രൂപീകരിച്ച ഉന്നതിയിലെ സുപ്രധാനമായ ഫയലുകൾ കാണാതായ സംഭവത്തിൽ ജുഡിഷ്യൽ അന്വേഷണത്തിനു സംസ്ഥാന സർക്കാർ ഉത്തരവ് ഇടണമെന്ന് ബിജെപി പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാട് ആവശ്യപ്പെട്ടു.

സംസ്ഥാന പട്ടികജാതി വികസന വകുപ്പിലെ അതി സുപ്രധാന മായ ഫയലുകൾ കാണാതായെന്ന വാർത്ത പുറത്തു വന്ന് ഒരാഴ്ച കഴിഞ്ഞിട്ടും ഈ വിഷയത്തിൽ പട്ടികജാതി വികസന വകുപ്പിന്റെയും മൗനം വളരെ ദുരൂഹത ഉണ്ടാക്കുകയാണ് പട്ടികജാതി വർഗ വിഭാഗത്തിന് കേന്ദ്ര സർക്കാർ ഫണ്ട് നേടിയെടുക്കുന്നതിനായി തയ്യാറാക്കിയ രേഖകളും ഫയലുകളും.

നൈപുണ്യ പരിശീലന കരാറുകളിൽ ഏർപ്പെട്ടിരിക്കുന്ന പരിശീലന സ്ഥാപനങ്ങളുടെ ഇരുന്നൂറിലധികം കരാറുകൾ അംബേദ്കർ ഭവനിലെ സ്റ്റാർട്ടപ്പ് സിറ്റിയിലെ കരാർ കരാറിൽ ഏർപ്പെട്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ ജോലി സാധ്യമാക്കിയതിന്റെ രേഖകൾ. ഇ ഗ്രാൻഡ് അടക്കമുള്ള സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തതിന്റെ ബാങ്ക് രേഖകൾ കേരള എംപവർമെന്റ് സൊസൈറ്റിയുടെ ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് ബാങ്ക് അക്കൗണ്ട് ട്രഷറി അക്കൗണ്ട് പാസ്ബുക്ക് വെബ് സൈറ്റ് വികസന കരാറുകൾ.

ചാർട്ടെഡ് അക്കൗണ്ട് നിയമന കരാറുകൾ കേരള സ്റ്റാർട്ടപ്പ് മിഷൻ. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി. സ്റ്റാർട്ട്അപ്പ് സിറ്റി തുടങ്ങിയ സ്ഥാപനങ്ങളുമായി ഉണ്ടാക്കിയ ധാരണ പത്രങ്ങൾ എന്നി അതീവ സുപ്രധാനമായ ഫയലുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്.

പട്ടികജാതി വികസന വകുപ്പിൽ നടന്നിട്ടുള്ളത് കോടിക്കണക്കിനു രൂപയുടെ അഴിമതിയും വെട്ടിപ്പുമാണ് ഇതുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളുമാണ് കാണാതായിട്ടുള്ളത് സംസ്ഥാന സർക്കാരിനും പട്ടികജാതി വികസന വകുപ്പിന്റെയും ഗുരുതമായ വീഴ്ചയാണ് ഇതിലൂടെ പുറത്തു വന്നിട്ടുള്ളത്.ഉന്നതി സി ഇ ഒ ആയിരുന്ന എൻ. പ്രശാന്ത് IAS ഫയൽ മുക്കിയെന്ന അഡിഷണൽ ചീഫ് സെക്രട്ടറി എൻ ജയതിലകിന്റെ റിപ്പോർട്ടും. പ്രശാന്ത് ചുമതല ഒഴിഞ്ഞപ്പോൾ പട്ടികജാതി വർഗ വകുപ്പ് മന്ത്രി കെ രാധാകൃഷ്ണന്റെ ഓഫീസിൽ ഏല്പിച്ചിരുന്നു എന്നതും വളരെ ദുരൂഹതയാണ് ഇതിലൂടെ വെളിപ്പെടുന്നത്.

കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഭീകരമായിട്ടുള്ള അഴിമതി യാണ് പിണറായി സർക്കാരിന്റെ എട്ടു വർഷത്തെ ഭരണത്തിൽ നടന്നിട്ടുള്ളത്. പട്ടികജാതി വിഭാഗങ്ങളുടെ വികസന ഫണ്ട് കൊള്ളയടിച്ചിരിക്കുകയാണ്. അതിന്റെ നിജസ്ഥിതി പുറത്തു വരാതിരിക്കാൻ വേണ്ടിയാണ് സുപ്രധാനമായ ഫയലുകൾ നഷ്ടപ്പെടുത്തിയിരിക്കുന്നത്. ഈ സംഭവത്തിൽ ജുഡിഷ്യൽ അന്വേഷണത്തിനു ഉത്തരവിടാൻ സംസ്ഥാന സർക്കാർ തയ്യാറാകണം എന്ന് ബിജെപി പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാട് ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ചു പട്ടികജാതി മോർച്ച സംസ്ഥാന ഘടകം ദേശീയ പട്ടികജാതി കമ്മീഷന് പരാതി നൽകി.

ഉന്നതിയിലെ ഫയലുകൾ കാണാതായ വാർത്ത പുറത്തു വന്ന് ഒരാഴ്ച കഴിഞ്ഞിട്ടും ഇത് സംബന്ധിച്ചു അന്വേഷണത്തിനു ഉത്തരവിടാത്ത മുഖ്യമന്ത്രി യുടെ നടപടി കുറ്റക്കാരെ സംരക്ഷിക്കാൻ വേണ്ടിയാണു. കേരളത്തിലെ നാല്പത് ലക്ഷത്തോളം വരുന്ന പട്ടികജാതി വർഗ ജനതയോട് കാണിക്കുന്ന വഞ്ചന യാണിത്. ഈ വിഷയത്തിൽ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും നിലപാട് വ്യക്തമാക്കണമെന്നു ബിജെപി പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാട് ആവശ്യപ്പെട്ടു.

നിര്യാതനായി
സി രവീന്ദ്രൻ

തൃശൂർ: ധനലക്ഷ്മി ബാങ്ക് റിട്ട. മാനേജർ പൂങ്കുന്നം ലെനിൻ നഗറിൽ ശിവം വീട്ടിൽ സി രവീന്ദ്രൻ (71) നിര്യാതനായി. സംസ്കാരം ഉച്ചക്ക് 2ന് വസതിയിലെ കർമ്മങ്ങൾക്കുശേഷം പാറമേക്കാവ് ശാന്തിഘട്ടിൽ. ഭാര്യ: അഡ്വ. പി ഉഷാദേവി, മകൾ: ഭാവന, മരുമകൻ: ശോഭിത് (ഇരുവരും കുവൈത്ത്)

ഇന്ന് വൃശ്ചികം ഒന്ന്, ഇനി വ്രതശുദ്ധിയുടെ നാളുകൾ, മണ്ഡലകാലം ആരംഭിച്ചു

തൃശൂർ: മലയാള മാസം വൃശ്ചികം ഒന്നു മുതൽ മണ്ഡല കാലം എന്നറിയപ്പെടുന്ന 41 ദിവസങ്ങളിലും, തുടർന്ന് മകരം ഒന്നിന് നടക്കുന്ന മകര വിളക്കെന്ന സംക്രമ പൂജ വരെയും, മകരം പത്തിന് നടക്കുന്ന ഗുരുതി വരെയുമാണ് ശബരിമലയിലെ തീർത്ഥാടന കാലയളവ്.

ധനു പതിനൊന്നിന് മണ്ഡല പൂജ കഴിഞ്ഞാൽ അഞ്ചു ദിവസം നടയടച്ച ശേഷമാണ് സംക്രമ പൂജയ്ക്ക് വേണ്ടി നട തുറക്കുന്നത്. സംക്രമ പൂജ കഴിഞ്ഞാൽ ഗുരുതി വരെയുള്ള ദിവസങ്ങളിലും തീർത്ഥാടകർ വളരെ കുറവായിരിക്കും അങ്ങിനെ കണക്കു കൂട്ടിയാൽ കേവലം 55 ദിവസം കൊണ്ടാണ് ജന കോടികൾ ദർശന പുണ്യം നേടാനായി ശബരിമലയിലെത്തുന്നത്. ഏകദേശ കണക്കനുസരിച്ച് നാല് കോടി ഭക്തരെങ്കിലും ശബരിമലയിൽ എത്തുന്നുണ്ടെന്നാണ് കണക്ക് .

കടൽ നിരപ്പിൽ നിന്നും ഏതാണ്ട് തൊള്ളായിരം മീറ്റർ ഉയരത്തിലാണ് ശബരിമല ക്ഷേത്രത്തിന്റെ സ്ഥാനം. ബ്രഹ്മചാരി സങ്കല്പത്തിലുള്ളതാണ് ഇവിടുത്തെ ധർമ്മശാസ്താ പ്രതിഷ്ഠ. അതിനാൽ ഋതുമതി പ്രായ ഗണത്തിലുള്ള (പത്ത് മുതൽ അമ്പത്തഞ്ച് വയസ്സു വരെ) സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിക്കാറില്ല. ശബരിമലയെ ചുറ്റിയുള്ള പതിനെട്ട് മല മുകളിലും ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ഈ മലകളിൽ ക്ഷേത്രങ്ങളോ, ക്ഷേത്രാവശിഷ്ടങ്ങളോ ഇന്നും കാണാം. മഹിഷി വധത്തിന് ശേഷം അയ്യപ്പൻ ധ്യാനത്തിലിരുന്നത് ശബരിമലയിലാണെന്ന് വിശ്വസിക്കപ്പെടുന്നു. ക്ഷേത്രത്തിനു ചുറ്റുമുള്ള പതിനെട്ട് മലകളിലെ പതിനെട്ട് മല ദൈവങ്ങൾക്കു നടുവിലാണ് അയ്യപ്പനെന്നും ഇത് സൂചിപ്പിക്കുന്നതാണ് ക്ഷേത്രത്തിനു മുന്നിലുള്ള പതിനെട്ട് പടികളെന്നും വിശ്വാസമുണ്ട്.

ഇത്തവണ ദർശനം സമയം 16ൽ നിന്ന് 18 മണിക്കൂറാക്കി ഉയർത്തിയിട്ടുണ്ട്. പ്രതിദിനം 80,000 പേർക്കും വെർച്ചൽ ക്യൂ വഴി 70000 പേർക്കും ദർശന സൗകര്യം ഒരുക്കും. സ്പോട്ട് ബുക്കിങ് ഇല്ല. പകരം നേരിട്ട് എത്തുന്നവർക്ക് ബുക്ക് ചെയ്യാൻ .പമ്പ, വണ്ടിപ്പെരിയാർ, എരുമേലി എന്നീ മൂന്നിടങ്ങളിൽ തത്സമയം ഓൺലൈൻ കൌണ്ടറുകൾ ഉണ്ടാകും.

തിരക്ക് കൂടുതൽ ഉള്ള സമയത്ത് ഭക്തർക്ക് വിശ്രമിക്കാൻ പമ്പയിൽ കൂടുതൽ നടപ്പന്തലുകൾ സജ്ജീകരിച്ചിട്ടുണ്ട്. അധികമായി ആറ് നടപ്പന്തൽ സജ്ജമാക്കി. ജർമൻ പന്തലും തയ്യാറാണ്. 8,000 പേർക്ക് പമ്പയിൽ സുരക്ഷിതമായി നിൽക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

ഗാന്ധി തിരസ്കാരം ഇന്ത്യയെ ചരിത്രമാക്കും -ഡോ. അജിതൻ മേനോത്ത്

ഇരിങ്ങാലക്കുട : മഹാത്മാ ഗാന്ധിയെ തിരസ്കരിക്കാനുള്ള ഏതു ശ്രമവും ഇന്ത്യയെ ചരിത്രമാക്കുമെന്ന് ഗാന്ധി ദർശൻ വേദി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. അജിതൻ മേനോത്ത് അഭിപ്രായപ്പെട്ടു . കേരള പ്രദേശ് ഗാന്ധിദർശൻ വേദി ഇരിങ്ങാലക്കുട നിയോജക മണ്ഡലം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സത്യഗ്രഹത്തിൽ നിന്നും അഹിംസയിൽ നിന്നുമുള്ള പിന്മാറ്റമാണ് മണിപ്പൂരിൽ പുകഞ്ഞുകൊണ്ടിരിക്കുന്നത് - അദ്ദേഹം തുടർന്നു പറഞ്ഞു. നിയോജകമണ്ഡലം ചെയർമാൻ യു. ചന്ദ്രശേഖരൻ അദ്ധ്യക്ഷനായി. ജില്ല പ്രസിഡണ്ട് പ്രൊഫ. വി. എ. വർഗീസ്, സി.എസ്.അബ്ദുൾ ഹക്ക്, പ്രൊഫ യു.എസ്. മോഹനൻ, ജിനൻ പി.കെ., എ. സി. സുരേഷ്, ടി. എസ്.പവിത്രൻ, പി.കെ. ശിവൻ എന്നിവർ പ്രസംഗിച്ചു. ചിറ്റിലപ്പിള്ളി പൊഴോലിപറമ്പിൽ കുടുംബ ട്രസ്റ് ഭാരവാഹികളായി പി.എം. ആന്റോ (പ്രസി.), പി.എൽ. ജോസ് (വൈസ് പ്രസി.), പോൾ ടി.ചിറ്റിലപ്പിള്ളി (സെക്ര.), പി.ആർ. പോൾസൺ (ജോ.സെക്ര.), ഹെൽജോ സ്റ്റാൻലി (ട്രഷറർ)

പുതുക്കാട്: ഗ്രാമ പഞ്ചായത്ത് ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ-കായിക മേള ഉണർവ് 2024 ചെങ്ങാലൂർ ഗവ: എൽ പി സ്കൂളിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷൈനി ജോജു അദ്ധ്യക്ഷയായിരുന്നു. ഗ്രാമ പഞ്ചായത്തംഗങ്ങളായ ഷാജു കാളിയേങ്കര, പ്രീതി ബാലകൃഷ്ണൻ, ആൻസി ജോബി, സുമ ഷാജു, അനൂപ് മാത്യു, രശ്മി ശ്രീഷോബ്, സി പി സജീവൻ, ഐസി ഡി എസ് സൂപ്പർവൈസർ പി കെ വിനോദിനി, എം വി തോമാസ് മാസ്റ്റർ സെക്രട്ടറി ഉമ ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ഭരതൻ കണ്ടേങ്കാട്ടിൽ അനുസ്മരണ സമ്മേളനം ഇന്ന് വൈകീട്ട് 4.30ന്

ഇരിങ്ങാലക്കുട: നന്മ ഇരിങ്ങാലക്കുട മേഖല പ്രസിഡണ്ടും തൃശൂർ ജില്ലാ കമ്മറ്റി മെമ്പറുമായ ഭരതൻ കണ്ടേങ്കാട്ടിൽ അനുസ്മരണ സമ്മേളനം ഇന്ന് 4.30 ന് ഇരിങ്ങാലക്കുട പ്രിയ ഹാളിൽ നടക്കും. നന്മ ജില്ല സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്നതാണന്ന് ഭാരവാഹികൾ അറിയിച്ചു.

ജയാ മാപ്പ്, വാക്കു പാലിക്കാത്തതിന്

കൃഷ്ണൻ ചേലേമ്പ്ര

കഷ്ടിച്ച് ആറു വർഷം മാത്രം ചലച്ചിത്ര നഭസ്സിൽ ജ്വലിച്ചു നിന്ന്, വരും തലമുറകളിൽ പോലും ആരാധകരെ വളർത്തിയെടുത്ത ജയൻ എന്ന അതുല്യ പ്രതിഭ മിന്നൽ പിണർ കണക്കെ അപ്രത്യക്ഷമായിട്ട് ഇന്നേക്ക് 44 വർഷം പൂർത്തിയാവുന്നു. മാധ്യമ പ്രവർത്തകൻ എന്ന നിലയിൽ മൂന്നു തവണ മാത്രം കണ്ടിട്ടേ ഉള്ളുവെങ്കിലും മൂന്നു ജന്മത്തിന്റെ സൗഹൃദം പങ്കിട്ടു തന്ന ജയനെക്കുറിച്ച് 44 വർഷത്തിന് ശേഷം എഴുതുമ്പോൾ അദ്ദേഹത്തിന്റെ ഒരാഗ്രഹം നിറവേറ്റാനാകാതെ പോയതിലുള്ള നൊമ്പരം മനസ്സിനെ മഥിക്കുന്നു.

കട്ട് - കട്ട് സിനിമാ വിനോദമാസികയിൽ കാർട്ടൂണിസ്റ്റ് യേശുദാസൻ സാറിന്റെ കൂടെ പ്രവർത്തിക്കവേ 1979 ഡിസംബർ മാസത്തിൽ ഒരു തണുത്ത പ്രഭാതത്തിലാണ് ജയനെ ആദ്യമായി കാണുന്നത്. എറണാകുളം ദ്വാരക ഹോട്ടലിൽ വച്ചു ജയനെ കാണുമ്പോൾ മാസികയുടെ ഒരു പംക്തിയായ 'ഗസ്റ്റ് എഡിറ്റോറിയൽ എഴുതിവാങ്ങുക എന്നതായിരുന്നു ലക്ഷ്യം. സിനിമാ താരങ്ങളെ പുലർച്ചെ പോയി കാണുക എന്നതാണ് യേശുദാസൻ സാറിന്റെ നിർദേശം. അദ്ദേഹം തന്നെ തലേ ദിവസം താരങ്ങളെ വിളിച്ചു വിവരം പറയും. ആരും മറുത്തൊന്നും പറയില്ല എന്നതാണ് സത്യം.



എന്നാൽ തെല്ലൊരു പരിഭവഭാവത്തോടെയായിരുന്നു ജയന്റെ സ്വീകരണം. കഴിഞ്ഞ ലക്കം കട്ട് -കട്ടിൽ വന്ന ഒരു 'ഗോസിപ്പ് ' ആയിരുന്നു പരിഭവകാരണം. സിനിമയിൽ വരുന്നതിനു മുൻപ് എറണാകുളം സൗത്തിൽ കൊച്ചിൻ ടൂറിസ്റ്റ് ഹോമിൽ, നേവിയിൽ നിന്നും മടങ്ങി വന്ന ശേഷം ചില്ലറ ബിസിനസ് സംരംഭങ്ങളുമായി താമസിച്ചു വരവേയുണ്ടായ ഒരു സംഭവം ആയിരുന്നു ആ ഗോസിപ്പിന് ആധാരം.

സത്യാവസ്ഥ അറിയാതെ എന്തെങ്കിലും എഴുതുന്നത് ശരിയല്ല എന്ന ജയന്റെ ആമുഖത്തോട് പ്രതികരിക്കാതിരിക്കാൻ കഴിഞ്ഞില്ല. 'അതിൽ വാസ്തവം ഇല്ലെന്നാണോ ജയൻ പറയുന്നത് 'എന്നു ചോദിച്ചപ്പോൾ അദ്ദേഹം ഒന്നു ചൂളി. കുറച്ചു നേരം സംസാരിച്ച ശേഷം ജയൻ എന്റെ കൂടെ വന്ന ഫോട്ടോഗ്രാഫറോട് കുറച്ചു നേരം പുറത്തു കാത്തിരിക്കാൻ പറഞ്ഞു.' ഞാൻ കുളിച്ചിട്ടില്ല. അഞ്ചു മിനുട്ട് ' എന്നു പറഞ്ഞുകൊണ്ടു കുളിമുറിയിലേക്ക് നടക്കുമ്പോൾ ജയൻ തലയിലെ വിഗ് ഊരി വച്ചു. അങ്ങനെ വിഗ് ഇല്ലാത്ത ജയനെ കാണാൻ പറ്റി. കുളി കഴിഞ്ഞു മടങ്ങി വന്ന ശേഷം സംവിധായകൻ ജേസി കുറ്റിക്കാട് വരുവോളം സംസാരം നീണ്ടു നിന്നു. അതിനിടയിൽ എന്റെ ആവശ്യവും നിറവേറ്റിത്തന്നു.

പിന്നീട് പി. ജി. വിശ്വംഭരന്റെ പടത്തിനു വേണ്ടി വന്നപ്പോഴായിരുന്നു രണ്ടാമത്തെ കൂടിക്കാഴ്ച. കട്ട്-കട്ടിലെ ഏറെ പ്രശസ്തമായ 'എന്റെ വാർധക്യ കാലം 'എന്ന പംക്തിയിൽ തന്നെക്കുറിച്ച് എഴുതണമെന്ന് ജയൻ ആവശ്യപ്പെട്ടു. അടുത്ത വരവിനു അതിലേക്കാവശ്യമായ വിവരങ്ങൾ തരാമെന്നും പറഞ്ഞു. അക്കാലത്തു ഇന്നത്തെപ്പോലെ ഫോട്ടോ ഷോപ്പും ഒന്നുമില്ലല്ലോ.

ഒരു വൃദ്ധന്റെ പടം സംഘടിപ്പിച്ചു അതിൽ നടന്റെയോ നടിയുടെയോ തല വെട്ടി ഒട്ടിച്ചാണ് വാർധക്യം സൃഷ്ടിക്കുക. വെട്ടി ഒട്ടിക്കൽ എന്റെ ജോലിയാണ്. യേശുദാസൻ സാർ ആ മുഖത്ത് വൃദ്ധന്റെ ഛായ വരുത്തും. (ഇതേ പോലെ താരങ്ങളുടെ ബാല്യകാലവും ഉണ്ടായിരുന്നു.) കുറച്ചു നാളുകൾ കഴിഞ്ഞു ജയൻ യേശുദാസൻ സാറിനെ ഫോണിൽ വിളിച്ചതനുസരിച്ചു ദ്വാരകയിലെ പതിവു മുറിയിലെത്തി. അപ്പോൾ ജയന്റെ മുറിയിൽ അക്കാലത്തെ മാദക നടി ജയമാലിനിയും ഉണ്ടായിരുന്നു.

ഒരു ബോഡി ഗാർഡ് സഹിതം സഞ്ചരിക്കാറുള്ള ജയമാലിനി സാധാരണയായി ഷൂട്ടിനെത്തിയാൽ ഹോട്ടൽ എയർ ലൈൻസിൽ മാത്രമേ താമസിക്കാറുള്ളു. ഇക്കാര്യം ജയനോട് ചോദിച്ചപ്പോൾ അദ്ദേഹം കണ്ണിറുക്കിക്കാണിച്ചു, തന്റേതായ ശൈലിയിൽ. അന്നു തന്നെ മടങ്ങേണ്ടതിനാൽ അടുത്ത തവണ വിവരങ്ങൾ തരാമെന്ന് പറഞ്ഞു പിരിഞ്ഞു. എന്നാൽ ആ കൂടിക്കാഴ്ച നടന്നില്ല. 1980 നവംബർ 16 നു കേട്ട വാർത്ത അവിശ്വസനീയമായിരുന്നു. തമിഴ് നാട്ടിലെ ഷോളയൂരിൽ ഷൂട്ടിനിടെ ഹെലികോപ്റ്റർ അപകടത്തിൽ ജയൻ എന്നന്നേക്കുമായി യാത്ര പറഞ്ഞു. തലേ ദിവസം പീരുമേട്ടിൽ നസീറുമൊന്നിച്ചു ഷൂട്ടിങ്ങിൽ പങ്കെടുത്ത ജയൻ 'കോളിളക്ക' ത്തിലെ ക്ലൈമാക്സ് രംഗത്തിൽ അഭിനയിക്കാൻ രാത്രിയിൽ തന്നെ അവിടെ നിന്നു തിരിച്ചതായിരുന്നു. ഷൂട്ട് കഴിഞ്ഞ ഉടനെ മടങ്ങി എത്താമെന്ന ഉറപ്പിൽ.

നേവിയിൽ നിന്ന് ചീഫ് പെറ്റി ഓഫീസറായി പിരിഞ്ഞ ശേഷം എറണാകുളത്തു ബിസിനസ്സുമായി കഴിഞ്ഞു വരവേയാണ് നടൻ ജോസ് പ്രകാശുമായി അടുക്കുന്നത്. ജോസ് പ്രകാശ് ആദ്യമായി നായകനായ 'ശാപമോക്ഷം ' എന്ന ചിത്രത്തിൽ ചെറിയ വേഷത്തോടെയായിരുന്നു ജയന്റെ സിനിമാ അരങ്ങേറ്റം. 1974 ൽ. പിന്നീട് ചെറിയ ചെറിയ വേഷങ്ങൾ നിരവധി. ഹരിഹരൻ സംവിധാനം ചെയ്ത 'പഞ്ചമി' യിലെ ഫോറസ്റ് റെയിഞ്ചറുടെ വേഷം ബ്രേക് ആയി. തുടർന്ന് ഹരിഹരൻ തന്നെ സംവിധാനം ചെയ്ത 'ശരപഞ്ജരത്തിലെ കുതിരക്കാരൻ മലയാള സിനിമയിൽ ജയന്റെ സ്ഥാനം അരക്കിട്ടുറപ്പിച്ചു. ആ ചിത്രത്തിലെ ജയന്റെ ശരീര ഭാഷ സ്ത്രീ പ്രേക്ഷകരുടെ ആരാധനാ പത്രമാക്കി.

ആറു വർഷത്തെ അഭിനയ ജീവിതത്തിൽ 116 ചിത്രങ്ങളിലാണ് അദ്ദേഹം അഭിനയിച്ചത്. മറ്റു നടന്മാരോടൊപ്പം അഭിനയിക്കുമ്പോൾ നായക പ്രാധാന്യം വേണമെന്ന വാശി തീരെ ഇല്ലാത്ത നടനാണ് ജയൻ എന്ന് പ്രേം നസീർ ഒരിക്കൽ പറയുകയുണ്ടായി. അതുകൊണ്ടു തന്നെയാണ് ജയൻ നായകനായ 'നായാട്ട് ' എന്ന ചിത്രത്തിൽ ഉപ നായകവേഷം കെട്ടാൻ നസീർ സന്നദ്ധനായത്. ശരീര സൗഭഗം മാത്രമല്ല അന്നേ വരെ ഒരു നായകനും ഇല്ലാത്ത ശബ്ദ ഗംഭീര്യവും ജയന്റെ വിശേഷതയാണ്.

കച്ചവടസിനിമയുടെ അവിഭാജ്യ ഘടകമായപ്പോഴും നല്ല സിനിമയിൽ അഭിനയിക്കണമെന്ന് ജയൻ ആഗ്രഹിച്ചിരുന്നു. ശ്രീകുമാരൻ തമ്പിയും മോഹനനും നൽകിയ അവസരങ്ങൾ അതിനു ശമനം വരുത്തി. ഏതായാലും ഇത്രയും കാലം ജയന് കൊടുത്ത വാക്കു പാലിക്കാത്തതിന് അനുഭവപ്പെട്ട വിങ്ങലിനു ഈ കുറിപ്പ് എഴുതിയപ്പോൾ തെല്ലു ശമനമായി.

സെന്റ് വിൻസെന്റ് ഡി പോൾ പ്ലാറ്റിനം ജൂബിലി സെ.ജോസഫ്സ് ഹോംസ് ഉദ്ഘാടനം ചെയ്തു

ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിപ്ലാറ്റിനം ജൂബിലി ഭവനങ്ങളുടെ ഉദ്ഘാടനം മോൺ.ജോസ് വല്ലൂരാൻ നിർവ്വഹിക്കുന്നു

ഒല്ലൂർ: ഫൊറോനപ്പള്ളിയിലെ സെ. വിൻസെന്റ് ഡിപോൾ സംഘത്തിന്റെ പ്ലാറ്റിനം ജൂബിലി സ്മാരകമായി പടിഞ്ഞാറെ അങ്ങാടി "വിൻസെൻഷ്യൻ നഗ"റിൽ നിർമ്മിച്ചിട്ടുള്ള ആറു ഭവനങ്ങൾ ഉൾക്കൊള്ളുന്ന സെന്റ് ജോസഫ്സ് ഹോംസിന്റെ ആശീർവ്വാദവും ഉദ്ഘാടനവും അതിരൂപത വികാരി ജനറാൾ മോൺ ജോസ് വല്ലൂരാൻ നിർവ്വഹിച്ചു. "മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണവും വസ്ത്രവും ഇന്ന് ഒരു പരിധി വരെ ലഭിക്കുന്നുണ്ടെങ്കിലും പാർപ്പിടം ലഭിക്കാത്ത അനേകം കുടുംബങ്ങളുണ്ടെന്നും അവരെ കണ്ടെത്തി സഹായിക്കുന്ന ഈ സംരംഭം അഭിനന്ദനീയമാണെന്നും ജീവിച്ചിരിക്കുമ്പോൾ നല്കുന്ന ഇത്തരം സഹായങ്ങളാണ് ഓരോരുത്തർക്കും മരണാനന്തരം സഹായമായി ഭവിക്കയെന്നും അഭിപ്രായപ്പെട്ടു." യോഗത്തിൽ ഫൊറോന വികാരി ഫാ.ആന്റണി ചിറ്റിലപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. പ്രോജക്ട് അവലോകനം കൺവീനർ ജോസ് കൂത്തൂർ നിർവ്വഹിച്ചു. സംഘം അതിരൂപത പ്രസിഡണ്ട് ജോസ് മഞ്ഞളി മുഖ്യപ്രഭാഷണം നടത്തി. പൂർത്തിയായ ഭവനങ്ങളുടെ സ്പോൺസർ കുടിയായ ലീമ ജോ തരകൻ ഭവനസമുച്ചയത്തിന്റെ താക്കോൽ പ്രസിഡണ്ട് വിൻസൺ അക്കരയ്ക്ക് കൈമാറി. കോർപ്പറേഷൻ കൗൺസിലർമാരായ സനോജ് കാട്ടുക്കാരൻ, നിമ്മി റപ്പായി എന്നിവരും ട്രസ്റ്റി ആന്റണി മാണിചാക്കു, വിൻസൺ അക്കര, ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, ഡീക്കൻ ഗ്ലിൻസൺ കാട്ടിപ്പറമ്പൻ, ബേബി മൂക്കൻ, നിജോ ഉക്രാൻ എന്നിവർ സംസാരിച്ചു.

അഖിലേന്ത്യാ സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് അങ്കണത്തിൽ പ്രസിഡണ്ട് തിലകൻ പൊയ്യാറ പതാക ഉയർത്തി. ഡയറക്ടർ എ. സി. സുരേഷ്, സെക്രട്ടറി കെ.എസ്. ശ്രീജിത്ത്, അസി. സെക്രട്ടറി കെ. ആർ. ജയശ്രീ, മാനേജർ ഇൻചാർജ് വി.ഡി. രേഷ്മ എന്നിവർ പ്രസംഗിച്ചു.

കോടതി പരസ്യം

ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 244/2024

ഹദീഖ -ഹരജിക്കാരി

കമ്മീഷ്ണർ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ, സബ്ബ് റീജ്യണൽ ഓഫീസ്, എരഞ്ഞിപ്പാലം പി ഒ., കോഴിക്കോട്, പിൻ-673006

-എതൃകക്ഷി

1) മുഹമ്മദ് ജിസാൻ എ എച്ച്. (ജനന തിയ്യതി: 18-04-2007)
2) നദ ഫാത്തിമ (ജനന തിയ്യതി: 16-09-2011)

-മൈനർമാർ

ഹരജിക്കാരിയുടെ ഭർത്താവ് അറക്കവീട്ടിൽ മുഹമ്മദ് മകൻ ഹുസൈൻ എന്നവരുടെ മരണത്തെ തുടർന്ന് എതൃകക്ഷിയിൽ നിന്നും ടിയാന്റെ കുടുംബത്തിന് ലഭിക്കാനുള്ള EPF ആനുകൂല്യങ്ങളിൽ മൈനർമാർക്ക് അവകാശപ്പെട്ടതായ 21/24 ഓഹരി അവകാശത്തിന്റെയും മൈനർമാരുടെയും രക്ഷിതാവായി ഹരജിക്കാരിയെ നിയമിച്ചും ടി അവകാശം ഹരജിക്കാരി പേരിൽ തരുവാൻ കല്പിച്ചും മറ്റും ഉത്തരവുണ്ടാകുന്നതിന് വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹരജി **02-12-2024** തിയ്യതി വിചാരണക്കായി വെച്ചിരിക്കുന്നു. ഹരജി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ഹരജി തീർപ്പ് കല്പിക്കുന്നതുമാണെന്ന് അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-10-2024
ഹരജി ഭാഗം അഡ്വക്കേറ്റ്
പി യു അലി (ഒപ്പ്)

VEHICLES FOR SALE

SHRIRAM FINANCE LTD.
1st Floor, Mathilakam Shopping Mall
Perinthalmanna Road,
PATTAMBI, Pin: 679306, Palakkad

Vehicle No	Vehicle Description	Year of manufacturing
KL52 M-3565	MAHINDRA JEETO-16HP	2017 MODEL

31 സാഹിത്യ സാംസ്കാരിക പ്രവർത്തകർ പ്രകാശനം ചെയ്യുന്നു

തൃശൂർ: മലയാള സാഹിത്യ ചരിത്രത്തിൽ ആദ്യമായി ഒരു വ്യക്തി എഴുതിയ 31 മലയാളം പുസ്തകങ്ങൾ ഒരുമിച്ച് ഒരേസമയം 31 സാഹിത്യ സാംസ്കാരിക പ